ഇലക്ട്രിക്ക് പവ്വർ

*വ്യവ. (ഫനു) സാഹിബ് ബഹദൂർ എ. മുഹമ്മദ മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പത്തനാപുരത്തു ഇലക്ട്രിക്ക് പവ്വർ അനുവദിച്ചു കിട്ടണമെന്നു് അപേക്ഷിച്ചുകൊണ്ടു് പൊതുജനങ്ങളിൽനിന്നും നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നു പ്രസ്താവിക്കുമോ?

പൊതു മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ടു്.

(ബി) ഈ കാര്യം അടുത്തകൊല്ലം പരിഗണനയ്ക്കു് എടുക്കുന്നതാണെന്നു നിവേദകക്കു് മറുപടി നൽകിയിട്ടുണ്ടു്.

പുതിയ വിദ്യാഭ്യാസപദ്ധതി

*വ്യ. (ഫ ൭) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈവറ്റ സെക്കണ്ടറി വിദ്യാലയങ്ങളെ സംബന്ധിക്കുന്ന പുതിയ പദ്ധതിമൂലം ഗവൺമെൻറിനു ഒരു വർഷത്തിൽ എത്ര രൂപ കൂടുതൽ ചിലവുവരുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

(ബി) ഈ പദ്ധതി ഇപ്പോൾ നടപ്പിൽ വരുത്തിക്കഴിഞ്ഞിട്ടുണ്ടോ?

(സി) എത്ര പ്രൈവറ്റ വിദ്യാലയങ്ങൾ ഈ പദ്ധതി അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടെന്നും എത്ര വിദ്യാലയങ്ങൾ അംഗീകരിച്ചിട്ടില്ലെന്നും പ്രസ്താവിക്കുമോ;

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉദ്ദേശം ൨ ൫ ലക്ഷം രൂപാ.

(ബി) ഈ പദ്ധതി ഇപ്പോൾ നടപ്പിൽ വരുത്തിക്കഴിഞ്ഞിട്ടുണ്ടു്.

(സി) ഈ പദ്ധതി അനുസരിച്ചു ൫ ൨൫ സ്കൂളുകൾ ഫീസിൻെറ വ൦ ശതമാനം ഗവൺമെൻറിൽ അടച്ചു കഴിഞ്ഞിട്ടുണ്ടു്. ബാക്കി പദ്ധതി അംഗീകരിക്കാത്ത സ്കൂളുകൾ ൪ ൫൨ ആണു്.

സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: ഈ വ൦ ശതമാനം ഫീസ് ഗവൺമെൻറിൽ അടയ്ക്കാത്ത സ്കൂളുകളെക്കൊണ്ടു് അടപ്പിക്കുന്നതിനു് ഗവൺമെൻറ് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുത്തരം ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. ഈ പുതിയ പദ്ധതി നടപ്പിൽ വരുത്തിയിട്ടു ഒരു മാസമേ ആയിട്ടുള്ളൂ എന്നും അതേപ്പറ്റി ഗവൺമെൻറ് ആലോചിച്ചുവരികയാണെന്നും പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. താണുപിള്ള: വ൦ ശതമാനം ഫീസ് ട്രഷറിയിൽ അടയ്ക്കാത്ത സ്കൂൾ നടത്തിക്കൊണ്ടുപോകുന്നതിനു തടസ്സം വല്ലതും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ തടസ്സമില്ല.

LIBRARY ARCHIVES Kerala Legislative Assembly